മാതൃഭൂമി
25 October 2026

മഹാരാഷ്ട്രയിൽ വളരും സി.എം.എഫ്.ആർ.ഐ.യുടെ കല്ലുമ്മക്കായ വിത്തുകൾ

അഞ്ചുലക്ഷം കല്ലുമ്മക്കായ വിത്തുകളും ഒരുലക്ഷം ഓയിസ്റ്റർ വിത്തുകളും കൈമാറി

കൊച്ചി ▸ മഹാരാഷ്ട്ര തീരമേഖലയിലെ ഗോത്രവർഗ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം കല്ലുമ്മക്കായ വിത്തുകളും, ഒരുലക്ഷം ഓയിസ്റ്റർ വിത്തുകളും കൈമാറി സി.എം.എഫ്.ആർ.ഐ. ഇതോടെ, ഈവർഷം സി.എം.എഫ്.ആർ.ഐ. മഹാരാഷ്ട്ര തീരദേശമേഖലയിൽ നൽകിയ കല്ലുമ്മക്കായ വിത്തുകളുടെ എണ്ണം 10 ലക്ഷമായെന്ന് ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയുടെ ഭാഗമായി വിഴിഞ്ഞം റീജണൽ സെന്റർ ഹാച്ചറിയിലാണ് കല്ലുമ്മക്കായ വിത്തുകൾ ഉത്പാദിപ്പിച്ചത്. ഓയിസ്റ്റർ വിത്തുകളുടെ ഉത്പാദനം സി.എം.എഫ്.ആർ.ഐ.യുടെ ചെന്നൈ സ്റ്റേഷനിലായിരുന്നു.

പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം.കെ. അനിലിന്റെ നേതൃത്വത്തിലുള്ള ഗവേഷകസംഘം മഹാരാഷ്ട്രയിലെ ഉദ്യോഗസ്ഥർക്ക് വിത്തുത്പാദനം, കക്കവർഗ കൃഷിരീതികൾ, സാങ്കേതികവിദ്യകൾ എന്നിവയിൽ പരിശീലനവും നൽകി.